# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015-ലെ പൊതുതിരഞ്ഞെടുപ്പ് - ജില്ലാ ആസ്ഥാനങ്ങളിൽ ഇലക്ഷൻ മീഡിയാ സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നമ്പർ: 734/2015/സം.തി.ക തീയതി, തിരുവനന്തപുരം, 2015 ഒക്ടോബർ 25

---

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബറിൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇലക്ഷൻ മീഡിയാ സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ടി സെന്ററിന്റെ പ്രവർത്തന ചെലവുകൾക്കായി ഓരോ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും 50,000/- രൂപ വീതം (അൻപതിനായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. മീഡിയാ സെന്ററിന്റെ പ്രവർത്തന ചുമതല അതാതു ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കായിരിക്കും. പ്രസ്തുത തുക അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർക്ക് കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള തുകയിൽ നിന്നും അതാത് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് കൈമാറേണ്ടതാണ്. ടി മീഡിയാ സെന്ററിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**പി. ഗീത**
സെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ( I & PRD).
എല്ലാ വിവര പൊതുജനസമ്പർക്ക വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും( I & PRD).
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും (പ്രസ്തുത തുക കൈമാറുന്നതിനായി)

പകർപ്പ്:
എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ,കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ,സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
**ഒപ്പ്**
സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>ഇലക്ഷൻ മീഡിയാ സെന്ററിന്റെ പ്രവർത്തനങ്ങൾ</u>**

1. പോളിംഗ് ദിവസവും വോട്ടെണ്ണൽ ദിവസവും മാധ്യമ പ്രവർത്തകർക്കുള്ള ഭക്ഷണം ലഭ്യമാക്കുക
2. ജില്ലാ തിരഞ്ഞെടുപ്പ് ഗൈഡ് പ്രസിദ്ധീകരിക്കുക
3. ഫലപ്രഖ്യാപനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
4. മാധ്യമ പ്രവർത്തകർക്കുള്ള ഇതര സഹായങ്ങൾ ലഭ്യമാക്കുക.